2023
JUNE
30
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## സ്റ്റോക്ക് തീർന്ന് സപ്ലൈകോ

**പാലക്കാട് :** ടെൻഡർ നടപടികളിൽ നിന്നു കമ്പനികൾ കൂട്ടമായി വിട്ടുനിൽക്കുകയും പലരും കൂടുതൽ വില ആവശ്യപ്പെടുകയും ചെയ്തതോടെ സപ്ലൈകോയിൽ പലവ്യഞ്ജനങ്ങൾക്കു ക്ഷാമം. മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർമാർക്കറ്റുകളും ലാഭം മാർക്കറ്റുകളും വഴി 12 സബ്സിഡി ഇനങ്ങളും നൂറുകണക്കിനു മറ്റു സാധനങ്ങളുമാണു വിതരണം ചെയ്യുന്നത്. സബ്സിഡി സാധനങ്ങൾ പലതും തീർന്നു. ബാക്കിയുള്ളവയുടെ സ്റ്റോക്ക് ഉടൻ തീരും.

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സപ്ലൈകോയ്ക്കു സാധനങ്ങൾ വിതരണം ചെയ്താൽ പണം കിട്ടില്ലെന്ന പ്രചാരണത്തെത്തുടർന്നാണു പല വിതരണക്കാരും വിട്ടു നിൽക്കുന്നതെന്നാണു വിവരം. കമ്പനികൾ ആവശ്യപ്പെടുന്ന വിലയ്ക്കു സാധനമെടുത്താൽ വില കൂട്ടേണ്ടി വരും.


സാധനങ്ങൾ വാങ്ങാൻ താൽപര്യപത്രം ക്ഷണിച്ചപ്പോൾ പതിവായി വിതരണം ചെയ്യുന്ന പലരും മാറിനിന്നു. 5600 മെട്രിക് ടൺ പഞ്ചസാര വേണമെന്നിരിക്കെ താൽപര്യപത്രം ലഭിച്ചത് 1600 മെട്രിക് ടണ്ണിനു മാത്രം. അതും കിലോഗ്രാമിന് 3.50 രൂപ അധികം ചോദിക്കുകയും ചെയ്തു. ചെറുപയർ 1200 മെട്രിക് ടൺ വേണ്ടിടത്തു ലഭ്യമായത് 600 ടൺ മാത്രം. കിലോയ്ക്ക് 9 രൂപയാണു വിതരണക്കാർ അധികം ചോദിക്കുന്നത്. ഉഴുന്നിനു കിലോയ്ക്ക് 10 രൂപയും. ആവശ്യമുള്ളതിന്റെ നാലിലൊന്നു പോലും ലഭ്യമായിട്ടുമില്ല. പച്ചരിക്ക് 4.50 രൂപയും മട്ടയരിക്ക് 3 രൂപയും കുറുവ അരിക്ക് 3 രൂപയുമാണു വിതരണക്കാർ അധികമായി ആവശ്യപ്പെടുന്നത്. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന സർക്കാർ 700 കോടി രൂപ ഉടൻ അനുവദിച്ചേക്കും.

വിഷയത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് അടിയന്തരമായി ഇടപെട്ടിട്ടുണ്ടെന്നും ധനവകുപ്പിനോട് ഉടൻ പണം അനുവദിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി ജി.ആർ.അനിൽ പറഞ്ഞു.

## ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറഞ്ഞു

**ന്യൂഡൽഹി:** ബാങ്കുകളുടെ മൊത്തം നിഷ്ക്രിയ ആസ്തി (ജിഎൻപിഎ) അനുപാതം 10 വർഷത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 3.9 ശതമാനമായെന്ന് റിസർവ് ബാങ്ക്. 2024 മാർച്ച് ആകുമ്പോൾ ഇത് 3.6 ശതമാനമായി കുറയുമെന്നാണ് ആർബിഐയുടെ സാമ്പത്തിക സ്ഥിരതാ റിപ്പോർട്ടിലെ (എഫ്എസ്ആർ) അനുമാനം. കോർപറേറ്റുകളുടെയും ബാങ്കുകളുടെയും ബാലൻസ് ഷീറ്റുകൾ മെച്ചപ്പെട്ടതായി റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. നിഷ്ക്രിയ ആസ്തികളിലെ വലിയ വായ്പകളുടെ തോത് 53.9 ശതമാനമായി കുറഞ്ഞതായും റിപ്പോർട്ടിലുണ്ട്. 5 കോടിക്കു മുകളിലുള്ള വായ്പകളുടെ തോത് 12.2 ശതമാനമായിരുന്നത് 4.5 ശതമാനമായി കുറഞ്ഞു.

# കേരളത്തിൽ 1303 പെട്രോൾ പമ്പുകൾ തുടങ്ങും



**കൊച്ചി:** കേരളത്തിൽ പുതിയതായി 1303 റീട്ടെയ്ൽ ഔട്ട്ലെറ്റുകൾ തുടങ്ങാൻ പൊതുമേഖല എണ്ണ കമ്പനികൾ. കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ പെട്രോൾ പമ്പ് ഡീലർഷിപ്പിന് 5 വർഷത്തിനു ശേഷമാണ് അപേക്ഷ ക്ഷണിക്കുന്നത്. കേരളത്തിൽ ഇന്ത്യൻ ഓയിൽ കോർപറേഷൻ 718 സ്ഥലങ്ങളും ഭാരത് പെട്രോളിയം 398, ഹിന്ദുസ്ഥാൻ പെട്രോളിയം 187 ലൊക്കേഷനുകളുമാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. പലതും സംവരണ വിഭാഗങ്ങൾക്കുള്ളതാണ്. നഗരപ്രദേശങ്ങൾ, നിർമാണം നടക്കുന്ന ഹൈവേകൾ, ഗ്രാമങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലാണ് പുതിയ പമ്പുകൾ ആരംഭിക്കുന്നത്.

നിലവിൽ ഇന്ത്യയിൽ അൻപതിനായിരത്തോളം പെട്രോൾ പമ്പുകൾ ഉള്ളപ്പോൾ ഇന്ത്യയൊട്ടാകെ അത്രത്തോളം തന്നെ പുതിയ പമ്പുകൾ തുടങ്ങാനാണ് ഇപ്പോഴത്തെ പരസ്യം. കേരളത്തിൽ ഏകദേശം 1500 പമ്പുകൾ ഇപ്പോഴുണ്ട്. ഇതിനു മുൻപ് 2018ൽ ഇത്രതന്നെ പമ്പുകൾക്കായി പരസ്യം നൽകിയിരുന്നെങ്കിലും കേരളത്തിൽ തുടങ്ങിയത് 300 പമ്പുകളാണ്. സ്ഥല ലഭ്യത മുതൽ കർശന നിയന്ത്രണങ്ങൾ വരെ തടസ്സമാകുന്നതാണ് കാരണം.

നഗര, മുനിസിപ്പാലിറ്റി പരിധിയിലും ഹൈവേകളോടും ചേർന്നുമുള്ള സ്ഥലം റെഗുലർ വിഭാഗത്തിലും അല്ലാത്തവ റൂറൽ വിഭാഗത്തിലും ഉൾപ്പെടുത്തിയാണ് ഡീലർഷിപ് നൽകുന്നത്. സംവരണമില്ലാത്തവർക്ക് റെഗുലർ ഔട്ട്ലെറ്റുകൾക്ക് 10,000 രൂപയും റൂറലിൽ 8000 രൂപയുമാണ് അപേക്ഷാ ഫീസ്. ഇതു തിരിച്ചുകിട്ടുകയുമില്ല. സെപ്റ്റംബർ 27 വരെ അപേക്ഷിക്കാം.

കഴിഞ്ഞ 6 വർഷത്തിനിടയ്ക്ക് പെട്രോൾ, ഡീസൽ ഡീലർ കമ്മിഷനിൽ വർധന വരുത്താതെ, സംസ്ഥാനത്തെ 70 ശതമാനം പമ്പുകളും നഷ്ടത്തിലോടുന്ന സാഹചര്യത്തിൽ പുതിയ പമ്പുകൾ തുടങ്ങാൻ തിടുക്കം കൂട്ടുകയാണ് എണ്ണ കമ്പനികളെന്ന് പമ്പ് ഉടമകൾ ആരോപിക്കുന്നു.

ഡീലർ തിരഞ്ഞെടുപ്പ് പ്രക്രിയയും ബിസിനസ് നടത്തിപ്പും ലളിതമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എല്ലാ റീട്ടെയിൽ ഔട്ട്ലെറ്റുകളും ഓട്ടമേഷൻ ഉൾപ്പെടെ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വികസിപ്പിക്കുമെന്നും ഐഒസി കേരള മേധാവിയും ചീഫ് ജനറൽ മാനേജറുമായ സഞ്ജീബ് കുമാർ ബെഹ്റ പറഞ്ഞു.

## എച്ച്ഡിഎഫ്സി ബാങ്ക് ,എച്ച്ഡിഎഫ്സി ലയനം ജൂലൈ 1ന്

**മുംബൈ:** നിക്ഷേപകർ കാത്തിരുന്ന എച്ച്ഡിഎഫ്സി ബാങ്ക് എച്ച്ഡിഎഫ്സി ലയനം പ്രഖ്യാപിച്ച് ചെയർമാൻ ദീപക് പരേഖ്. ജൂലൈ ഒന്നിനു ലയനം പ്രാബല്യത്തിൽ വരും. എച്ച്ഡിഎഫ്സി ബാങ്കിന്റേയും എച്ച്ഡിഎഫ്സിയുടേയും ബോർഡ് അംഗങ്ങൾ ജൂൺ 30നു ചേരുന്ന യോഗത്തിൽ ലയനം അംഗീകരിക്കുമെന്നാണ് റിപ്പോർട്ടുകൾ. ജൂലൈ 13ന് എച്ച്ഡിഎഫ്സി ഓഹരികൾ വിപണിയിൽനിന്നു ഡീലിസ്റ്റ് ചെയ്യുമെന്നും ചെയർമാൻ അറിയിച്ചു.

കഴിഞ്ഞ വർഷം ഏപ്രിൽ നാലിനാണ് രണ്ടു കമ്പനികളും ലയനത്തിനൊരുങ്ങുന്നതായി അറിയിച്ചത്. ഇതിനായി നാഷനൽ കമ്പനി ലോ ട്രൈബ്യൂണലിന്റെ അനുമതിയും കമ്പനികൾക്കു കഴിഞ്ഞ വർഷം തന്നെ ലഭിച്ചു.

## വെയ്സിലും കൂട്ടപ്പിരിച്ചുവിടൽ

ജനപ്രിയ മാപ്പ് ആപ്ലിക്കേഷൻ ആയ വെയ്സിൽ നിന്ന് ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടാൻ ഗൂഗിൾ. ജനുവരിയിൽ ഗൂഗിൾ ഏകദേശം 12,000 ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. 2013ൽ കമ്പനി ഏറ്റെടുത്ത വെയ്സ് മാപ്പ് ആപ്ലിക്കേഷനിലെ പിരിച്ചുവിടൽ എത്ര ജീവനക്കാരെ ബാധിക്കും എന്ന് വ്യക്തമല്ല. ഗൂഗിൾ മാപ്പിൽ നിന്ന് വ്യത്യസ്തമായി സ്വതന്ത്ര ആപ്ലിക്കേഷൻ ആയി പ്രവർത്തിക്കുന്ന വെയ്സിൽ 14 കോടി ഉപയോക്താക്കളാണ് ഉള്ളത്. ഉപയോക്താക്കൾക്ക് വിവരങ്ങൾ ചേർക്കാൻ എഡിറ്റ് ചെയ്യാനും നീക്കം ചെയ്യാനും സാധിക്കുമെന്നതാണ് വെയ്സിന്റെ പ്രത്യേകത. വെയ്സിനെ ഗൂഗിൾ മാപ്പിന്റെ ഭാഗമാക്കുന്ന നടപടികളുടെ ഭാഗമാണ് പിരിച്ചുവിടൽ.



# ഐസിഐസിഐ ലൊംബാർഡും ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫും ഐഷീൽഡ് അവതരിപ്പിച്ചു

**കൊച്ചി:** ഉപഭോക്താക്കൾക്ക് ആരോഗ്യ ഇൻഷുറൻസും ലൈഫ് ഇൻഷുറൻസും ലഭ്യമാക്കുന്നതിന് ഐസിഐസിഐ ലൊംബാർഡ് ജനറൽ ഇൻഷുറൻസും ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസും സംയുക്തമായി ഐഷീൽഡ് അവതരിപ്പിച്ചു.

ഉപഭോക്താക്കളുടെ ചികിൽസാ ചെലവുകൾ നേരിടാൻ ഐഷീൽഡ് സഹായകമാകും. ഇതിനു പുറമെ പോളിസി ഉടമയുടെ അപ്രതീക്ഷിത വിയോഗമുണ്ടായാൽ മൊത്തമായി ഒരു തുകയും നൽകും. ആശുപത്രിയിൽ കിടത്തിയുള്ള ചികിൽസ, ഡേ കെയർ ചികിൽസ, ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപും പിൻപുമുള്ള ചെലവുകൾ, വീട്ടിലുള്ള ചികിൽസ തുടങ്ങി നിരവധി ആനുകൂല്യങ്ങൾ ഇതിൻറെ ആരോഗ്യ ഇൻഷുറൻസ് ഘടകം നൽകും. 85 വയസ്സ് വരെ ലൈഫ് ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും. ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പരിരക്ഷകൾക്കായി പ്രത്യേക പദ്ധതികൾ വാങ്ങുന്നതിനു പകരം ഒരൊറ്റ പദ്ധതിയിലൂടെ ഇവ നേടാനാവും.

ഉപഭോക്താക്കൾക്ക് ഒരൊറ്റ അപേക്ഷ പൂരിപ്പിച്ച് വൈദ്യപരിശോധനയ്ക്ക് വിധേയമായി ഇത് എളുപ്പത്തിൽ വാങ്ങാനാകും. വിപുലമായ ഏജൻസി ശൃംഖലയ്ക്കു പുറമെ വെബ്സൈറ്റ് വഴിയും മൊബൈൽ ആപ്പു വഴിയും ഇത് ലഭ്യമാകും. ഉപഭോക്താക്കൾക്കും കുടുംബത്തിനും സമ്പൂർണ പരിരക്ഷയും സാമ്പത്തിക ക്ഷേമവും ലഭ്യമാക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഐസിഐസിഐ ലൊംബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ സഞ്ജീവ് മന്ത്രി പറഞ്ഞു. ആരോഗ്യ ഇൻഷുറൻസ് രംഗത്തെ തങ്ങളുടെ അനുഭവ സമ്പത്തും ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫിന്റെ വൈദഗ്ദ്ധ്യവും ഒത്തുചേർന്ന് ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ ലഭ്യമാക്കാനാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമഗ്രമായ ഈ പദ്ധതി ഉപഭോക്താക്കൾക്ക് ചികിൽസാ ചെലവുകൾ നേരിടേണ്ടി വരികയോ വരുമാനമുണ്ടാക്കുന്ന വ്യക്തിയുടെ വിയോഗമുണ്ടാകുകയോ ചെയ്താൽ സാമ്പത്തിക പ്രശ്നങ്ങൾ നേരിടാതെ മുന്നോട്ടു പോകാൻ സഹായകമാകുമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട പറഞ്ഞു.

# മലയോര ഹൈവേയിൽ സുരക്ഷ വർധിപ്പിക്കണമെന്ന് ആവശ്യം



**പുനലൂർ:** മലയോര ഹൈവേയിൽ വാഹനാപകടങ്ങൾ വർധിച്ചതോടെ കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം ശക്തമായി. വീതി കുറവുള്ള വെട്ടിപ്പുഴ, പിറയ്ക്കൽ പാലങ്ങൾ പുനർനിർമിക്കുന്നതിനും നടപടിയായില്ല. 2018ലെ വെള്ളപ്പൊക്കത്തിനു ശേഷം ദുരന്തനിവാരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടത്തിയ സുരക്ഷാ പരിശോധനയ്ക്കൊടുവിൽ അടുക്കളമൂല ഭാഗത്ത് റോഡിന്റെ ഉയരം വർധിപ്പിച്ചെങ്കിലും പിന്നീടുണ്ടായ കനത്ത മഴയിൽ ഇവിടെ മലയോര ഹൈവേയിൽ വെള്ളം കയറിയിരുന്നു.

2021 ഫെബ്രുവരി 12നാണു മലയോര ഹൈവേയുടെ ജില്ലയിലെ പുനലൂർ കെഎസ്ആർടിസി ജംക്‌ഷൻ മുതൽ ചല്ലിമുക്ക് വരെയുള്ള ഭാഗം കമ്മിഷൻ ചെയ്തത്. എന്നാൽ, പാത നിർമിച്ച ശേഷം സുരക്ഷയെപ്പറ്റിയും അപകടസാധ്യതകളെപ്പറ്റിയും പഠിക്കുന്നതിനുള്ള ഏജൻസിയുടെ റിപ്പോർട്ട് സമർപ്പണം പല കാരണങ്ങളാൽ വൈകി.

അതിനാൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാതയിൽ ചെയ്യേണ്ട സുരക്ഷാ ക്രമീകരണങ്ങൾ നടപ്പായില്ല. കൊടുംവളവുകളിലൂടെ ആണ് ഈ ഹൈവേ കടന്നുപോകുന്നത്. ചില യിടങ്ങളിൽ നേരിയ തോതിൽ അലൈൻമെന്റ് മാറ്റിയിരുന്നു. കൊക്ക ഉള്ള പല ഭാഗങ്ങളിലും ഇനിയും ക്രാഷ് ബാരിയറുകൾ സ്ഥാപിക്കാനുണ്ട്.

ഭാവിയിൽ മലയോര ഹൈവേയുടെ ഭാഗമാകേണ്ട പുനലൂർ പൊൻകുന്നം കെഎസ്ടിപി പാത കൂടി 6 മാസത്തിനുള്ളിൽ കമ്മിഷൻ ചെയ്യുന്നതോടെ അധികമായി ദിനംപ്രതി ആയിരക്കണക്കിനു വാഹനങ്ങളും ഇതുവഴി കടന്നുപോകുമ്പോൾ അപകടങ്ങളും വൻ ദുരന്തങ്ങളും ഉണ്ടാകാതിരിക്കാൻ പ്രത്യേക സുരക്ഷ മുൻനിർത്തിയുള്ള നിർമാണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്.

കരവാളൂർ കെഐപി പാലം വീതി വർധിപ്പിച്ചതു മാത്രമാണ് ഈ പാതയിൽ പുനലൂർ അഞ്ചൽ മേഖലയിൽ പാലങ്ങളുമായി ബന്ധപ്പെട്ടു നടന്ന നിർമാണ പ്രവർത്തനം.കെഎസ്ആർടിസി മൈതാനിയിൽ ദേശീയപാതയും മലയോര ഹൈവേയും ചേരുന്ന ഭാഗത്തു ട്രാഫിക് ഐലൻഡും നിർമിച്ചിട്ടില്ല.

പാതയുടെ കുറേഭാഗം പശ്ചിമഘട്ട ഭാഗത്തു കൂടി കടന്നുപോകുന്നതിനാൽ നിലവാരമുള്ള വെളിച്ച സംവിധാനവും ഏർപ്പെടുത്തേണ്ടതുണ്ട്.

## തളിക്ഷേത്ര പൈതൃക പദ്ധതി രണ്ടാംഘട്ടത്തിന് 1.40 കോടി രൂപ

**കോഴിക്കോട്:** തളി ക്ഷേത്രത്തിന്റെ ചരിത്രപരമായ പ്രാധാന്യത്തെ ഉൾക്കൊണ്ട് തളി ക്ഷേത്ര പൈതൃക പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിന് 1.40 കോടി രൂപ അനുവദിച്ചതായി പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ഗവ. ഗസ്റ്റ് ഹൗസിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. തളി ക്ഷേത്രക്കുളത്തിൽ ചില നവീകരണ പ്രവർത്തനങ്ങളാണ് പ്രധാനമായും ലക്ഷ്യം വെക്കുന്നത്. കൽ മണ്ഡപത്തോടുകൂടി ഒരു വാട്ടർ ഫൗണ്ടൈൻ നിർമ്മിക്കും. തളിയുടെ പൈതൃകം ഉയർത്തിപ്പിടിച്ചുള്ള നവീകരണമാണ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 1.25 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തിയത്.

കോഴിക്കോട് നഗരത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ കോഴിക്കോട് പൈതൃക ദീപാലംകൃത പദ്ധതിയും നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു. ആദ്യ ഘട്ടത്തിൽ ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ ദീപാലംകൃതമാക്കും. കൂടാതെ പാർക്കുകളെ കൂടുതൽ ആകർഷകമാക്കാൻ ലക്ഷ്യം വെച്ചുള്ള പദ്ധതികളും നടപ്പിലാക്കും.

## പൊതുജനങ്ങൾക്കും സ്റ്റാർട്ടപ്പ് മിഷനെ പരിചയപ്പെടാം, കെഎസ് യുഎം ഓപ്പൺ ഹൗസ് ജൂലായ് ഒന്നിന്

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷൻറെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് നേരിട്ട് മനസിലാക്കുന്നതിനു വേണ്ടി ജൂലായ് ഒന്നിന് ഓപ്പൺ ഹൗസ് പരിപാടിയുമായി (എക്സ്പ്ലൗർ അറ്റ് കിറ്റ്സ്) കെഎസ് യുഎം. എല്ലാ മാസവും ആദ്യ ശനിയാഴ്ച കളമശ്ശേരിയിലെ ടെക്നോളജി ഇന്നോവേഷൻ സോണിലുള്ള സ്റ്റാർട്ടപ്പ് മിഷൻ ഓഫീസും അനുബന്ധ സൗകര്യങ്ങളും പൊതുജനങ്ങൾക്ക് സന്ദർശിക്കാം.

സന്ദർശനത്തിനായി https://btily/OHKtiz എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.രാവിലെ 11 മണിക്ക് കെഎസ് യുഎമ്മിൻറെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ലഘുവിവരണത്തോടെയാണ് പരിപാടി ആരംഭിക്കുന്നത്. തുടർന്ന് സന്ദർശകർക്ക് സംശയങ്ങൾ നിവാരണം ചെയ്യാവുന്നതാണ്. അതിനു ശേഷം സ്റ്റാർട്ടപ്പ് മിഷൻ, ഇലക്ട്രോണിക് ഹാർഡ് വെയർ ഇൻകുബേറ്ററായ മേക്കർ വില്ലേജ്, സൂപ്പർ ഫാബ് ലാബ് എന്നിവ പൊതുജനങ്ങൾക്ക് സന്ദർശിക്കാം. സ്റ്റാർട്ടപ്പ് മിഷൻറെ പ്രവർത്തനം, ഇൻകുബേറ്റർ സംവിധാനം, സൗകര്യങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് നേരിട്ട് മനസിലാക്കാനാകും.സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഈ സന്ദർശനത്തിലൂടെ ജനങ്ങൾക്ക് മനസിലാക്കാം.

ഇതിനു പുറമെ സ്റ്റാർട്ടപ്പ് മിഷൻറെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി വിദഗ്ധർ നൽകും. പൊതുജനങ്ങളെ സ്റ്റാർട്ടപ്പ് മിഷൻ പ്രവർത്തനങ്ങളുമായി കൂടുതൽ അടുപ്പിക്കാനുള്ള നയത്തിൻറെ ഭാഗമായാണ് ഈ ഉദ്യമമെന്ന് കെഎസ് യുഎം വൃത്തങ്ങൾ അറിയിച്ചു. സ്കൂൾ, കോളേജ്, ഐടിഐ, സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് ഈ സൗകര്യം ഏറെ ഗുണം ചെയ്യുമെന്നാണ് കെഎസ് യുഎമ്മിൻറെ പ്രതീക്ഷ.

## ജൂലൈ മൂന്നിന് നിശ്ചയിച്ചിരിക്കുന്ന പരീക്ഷകൾ മാറ്റി വയ്ക്കണം: സീറോമലബാർ സഭ

**കാക്കനാട്:** ജൂലൈ മൂന്നിന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന വിവിധ യൂണിവേഴ്സിറ്റികളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷകൾ മാറ്റി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് കേരള, എം.ജി., കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർമാർക്ക് കത്ത് നൽകി.

ക്രിസ്ത്യൻ മത ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് മതപരമായ പ്രാധാന്യം കല്പിച്ചു പാവനമായി ആചരിച്ചു പോരുന്ന ദിവസമാണ് ജൂലൈ മൂന്ന് ദുക്റാന അഥവാ സെന്റ് തോമസ് ദിനം. ക്രിസ്ത്യൻ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അന്നേ ദിവസം അവധിയായിരിക്കുകയും പകരം ഒരു ശനിയാഴ്ച പ്രവർത്തിദിവസമാക്കുകയും ചെയ്യുന്നു.

എന്നാൽ ഈ വരുന്ന ജൂലൈ 3 തിങ്കളാഴ്ച അഫിലിയേറ്റഡ് കോളേജുകളിൽ വിവിധ കോഴ്സുകളുടെ പരീക്ഷകൾ നടത്തുന്നതിന് കേരളത്തിലെ യൂണിവേഴ്സിറ്റികൾ ടൈം ടേബിൾ പുറപ്പെടുവിച്ചിരിക്കുകയാണ്. അന്നേ ദിവസം ക്രിസ്ത്യൻ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും മതപരമായ അവകാശങ്ങൾ നിഷേധിക്കുന്ന ഈ നടപടി ദുഃഖകരവും തികച്ചും വിവേചനപരവും നീതി നിഷേധവുമാണ്. ഈ സാഹചര്യത്തിൽ ജൂലൈ മൂന്നിന് നടത്താൻ നിശ്ചയിച്ചിട്ടുള്ള എല്ലാ പരീക്ഷകളും മാറ്റി മറ്റൊരു ദിവസത്തേയ്ക്ക് ക്രമീകരിക്കണമെന്ന് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ആവശ്യപ്പെട്ടു.

## 259.64 കോടി രൂപ സമാഹരിച്ചു

**കൊച്ചി:** സയന്റ് ഡിഎൽഎം ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപ്പനയ്ക്ക് (ഐപിഒ) മുന്നോടിയായി 20 ആങ്കർ നിക്ഷേപകരിൽ നിന്ന് 259.64 കോടി രൂപ സമാഹരിച്ചു. മൊത്തം 11 സ്കീമുകളിലൂടെ എട്ട് ആഭ്യന്തര മ്യൂചൽ ഫണ്ടുകൾക്കാണ് അപേക്ഷിച്ചത്.

ആങ്കർ നിക്ഷേപകർക്ക് 97,98,113 ഇക്വിറ്റി ഓഹരികൾ ആങ്കർ ഇൻവെസ്റ്റർ അലോക്കേഷൻ വിലയിൽ ഒരു ഇക്വിറ്റി ഷെയറിന് 265 രൂപ (ഓരോ ഇക്വിറ്റി ഷെയറിനും 255/ ഷെയർ പ്രീമിയം ഉൾപ്പെടെ) അനുവദിക്കാൻ തീരുമാനിച്ചതായി കമ്പനി അധികൃതർ അറിയിച്ചു.നിപ്പോൺ ലൈഫ് ഇന്ത്യ സ്മോൾ ക്യാപ്, ഐസിഐസിഐ പ്രുഡൻഷ്യൽ, എച്ച്ഡിഎഫ്സി എംഎഫ്, ടാറ്റ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, സൊസൈറ്റി ജനറൽ, എൽഐസി എംഎഫ്, അമൻസ ഹോൾഡിംഗ്സ്, ഡിഎസ്പി ഇന്ത്യ, ആദിത്യ ബിർള സൺ ലൈഫ്, എഡൽവീസ് എംഎഫ്, ഫൗണ്ടേഴ്സ് കളക്ടീവ് ഫണ്ട്, കാറ്റമരൻ ഇകെഎം, വികാസ ഇന്ത്യ, ബിഎൻപി പാരിബാസ് ആർബിട്രേജ്, കൊട്ടക് എംഎഫ് തുടങ്ങി വിവിധതരം മാർക്വീ നിക്ഷേപകരുടെ പങ്കാളിത്തമാണ് ആങ്കർ ബുക്കിൽ കണ്ടത്.ഹൈദരാബാദ് ആസ്ഥാനമായുള്ള കമ്പനിയുടെ പ്രാഥമിക ഓഹരി വിൽപ്പയിൽ 592 കോടി രൂപ വരെയുള്ള ഇക്വിറ്റി ഓഹരികളുടെ ഒരു പുതിയ ഇഷ്യൂ ഉൾപ്പെടുന്നു. ഇക്വിറ്റി ഓഹരി ഒന്നിന് 250 രൂപ മുതൽ 265 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്.

# ആരോഗ്യ രംഗത്ത് സമ്പൂർണ ഡിജിറ്റലൈസേഷൻ സാധ്യമാക്കും: മന്ത്രി വീണാ ജോർജ്



**കൊച്ചി:** ആരോഗ്യ രംഗത്ത് സമ്പൂർണ ഡിജിറ്റലൈസേഷൻ സാധ്യമാക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന്ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെ പണ്ടപ്പിള്ളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെയും ലബോറട്ടറി നിർമ്മാണ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ നൂതനാശയങ്ങളുടെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.സംസ്ഥാനത്ത് 250 ആശുപത്രികൾ പേപ്പർ രഹിത ആശുപത്രികളാണ്. എല്ലാ സർക്കാർ ആശുപത്രികളിലും ഈ രീതി പ്രവർത്തികമാക്കുമെന്നും നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലയിലും ആശുപത്രികളിലെ ലാബുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽ മികച്ച ചികിത്സാ രീതി നൽകുന്നതിന് നിർണ്ണയ പദ്ധതി ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ ബ്ലോക്ക് തല ഭിന്നശേഷി ലിസ്റ്റ് പ്രകാശനവും മന്ത്രി നിർവഹിച്ചു. ബ്ലോക്കിനു കീഴിലുള്ള എട്ടു പഞ്ചായത്തുകളിലെ ഭിന്നശേഷിക്കാരുടെ സമ്പൂർണ വിവരങ്ങൾ അടങ്ങുന്നതാണ് ലിസ്റ്റ്. സംസ്ഥാനത്ത് ആദ്യമായാണ് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഭിന്നശേഷി ലിസ്റ്റ് തയ്യാറാക്കുന്നത്.കോവിഡ് കാലത്ത് ആരോഗ്യ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച്ചവെച്ച വിരമിച്ച പബ്ലിക് ഹെൽത്ത് നേഴ്സ് ഉഷ കുമാരിയെ ചടങ്ങിൽ ആദരിച്ചു. 64 വർഷം പഴക്കമുള്ള ആശുപത്രിക്ക് പുതിയ കെട്ടിടം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. ജോസ് അഗസ്റ്റിൻ മന്ത്രിക്ക് നിവേദനം നൽകി. 2018ലെ പ്രളയ ദുരിതാശ്വാസ പദ്ധതി പ്രകാരം നിർമ്മിച്ച പുതിയ കെട്ടിടം നവീകരിച്ചാണ് കുടുംബരോഗ്യ കേന്ദ്രമാക്കി മാറ്റിയത്. ആർദ്രം പദ്ധതിയുടെ ഭാഗമായാണ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ദേശീയ ആരോഗ്യ ദൗത്യം പദ്ധതി വിഹിതമായ 35 ലക്ഷം രൂപയാണ് നവീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചത്.കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതോടെ ആശുപത്രിയിലെ ഒ. പി. വിഭാഗം കൂടുതൽ ജനസൗഹൃദമാകും. മെച്ചപ്പെട്ട സൗകര്യങ്ങൾ സാധാരണ ജനങ്ങൾക്ക് ലഭ്യമാകും. കിടത്തി ചികിത്സ ഉൾപ്പെടെ സമഗ്ര ആരോഗ്യ പരിചരണം ഉറപ്പാക്കും. ബ്ലോക്ക് തല ആരോഗ്യ പ്രവർത്തനങ്ങളുടെ ഏകീകരണവും നടപ്പിലാകും.മാത്യു കുഴൽനാടൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.സി. രോഹിണി, മൂവാറ്റുപുഴ ബ്ലോക്ക് ഡിവിഷൻ അംഗം ബെസ്റ്റിൻ ചേട്ടൂർ, ബ്ലോക്ക് വൈസ് പ്രസിഡന്റ് സാറാമ്മ ജോൺ, ആരക്കുഴ പഞ്ചായത്ത് പ്രസിഡന്റ് ജാൻസി മാത്യു, ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻ റിയാസ് ഖാൻ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ രമ രാമകൃഷ്ണൻ, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ മേഴ്സി ജോർജ്, ബ്ലോക്ക് അംഗങ്ങളായ കെ. ജി. രാധാകൃഷ്ണൻ, സിബിൾ ബാബു, ഒ. കെ. മുഹമ്മദ്, ജോസിജോളി വട്ടക്കുടി, ഷിവാഗോ തോമസ്, റീന സജി, ബിനി ഷൈമോൻ, ആരക്കുഴ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സാബു പൊതൂർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.കെ.ആശ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ കെ.കെ. രതി, മെഡിക്കൽ ഓഫീസർ ഡോ. കെ.സി.ചാക്കോ, വിവിധ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ചെങ്ങന്നൂർ മാസ്റ്റർപ്ലാന് അംഗീകാരം നൽകി



**ആലപ്പുഴ:** 2018 ലെ മഹാപ്രളയത്തിനുശേഷം ചെങ്ങന്നൂർ നഗരസഭയിലെ 5, 6, 7 വാർഡുകൾ അതിതീവ്ര ദുരന്ത ബാധിത മേഖലയായി കണക്കാക്കി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനിലെ അപാകതകൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി പുനസമർപ്പിച്ച പുതിയ പ്ലാനിന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്, ഫിഷറീസ് സാംസ്കാരിക യുവജനകാര്യവകുപ്പ് മന്ത്രി സജി ചെറിയാൻ എന്നിവരുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിൽ വിളിച്ചുചേർത്ത യോഗത്തിൽ അംഗീകാരം നൽകി. കരട് മാസ്റ്റർ പ്ലാൻ പ്രകാരം വാർഡുകളിലെ ജനങ്ങൾക്ക് ഭവനനിർമ്മാണം, ഭൂമി കൈമാറ്റം, മറ്റു നിർമ്മാണങ്ങൾ, വികസന പ്രവർത്തനങ്ങൾ എന്നിവ പൂർണമായും നിഷേധിക്കപ്പെട്ടിരുന്നു. ഇതേ തുടർന്ന് ഈ ഗുരുതര പ്രതിസന്ധി ജനകീയ പിന്തുണയോടെ പരിഹരിക്കുന്നതിന് മന്ത്രിമാർ നടത്തിയ തീവ്ര പരിശ്രമങ്ങളുടെ ഫലമായാണ് കരട് മാസ്റ്റർപ്ലാൻ ഭേദഗതി ചെയ്തത്. ഭേദഗതി അംഗീകരിച്ചതോടെ നിലവിൽ നിർമ്മാണം ആരംഭിച്ച കെട്ടിടങ്ങൾക്ക് സാധൂകരണം നൽകുന്നതിനും പുതിയ പെർമിറ്റുകൾ ലഭിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ലഘൂകരിക്കുന്നതിനും അശാസ്ത്രീയമായി റിസ്ക് മേഖലയിൽ ഉൾപ്പെട്ട സർവേ നമ്പരുകൾ ഒഴിവാക്കുന്നതിനും വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിനും തീരുമാനമായി.യോഗത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ , കെ.എസ്.ഡി.എം.എ ഉന്നത ഉദ്യോഗസ്ഥർ, ചീഫ് ടൗൺ പ്ലാനർ, ചെങ്ങന്നൂർ നഗരസഭാ പ്രതിനിധികൾ, ആക്ഷൻ കൗൺസിൽ പ്രതിനിധികൾ, വിവിധ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കുന്നതിന് ഇടതുപക്ഷ സർക്കാർ നടത്തിയ നിരന്തര പരിശ്രമങ്ങളുടെ തുടർച്ചയാണ് ചെങ്ങന്നൂർ മാസ്റ്റർപ്ലാൻ ഭേദഗതി എന്നും ഈ വിജയം ചെങ്ങന്നൂരിലെ ജനങ്ങൾക്ക് ആയി സമർപ്പിക്കുന്നു എന്നു മന്ത്രി സജി ചെറിയാൻ അറിയിച്ചു. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ മന്ത്രിമാർ നടത്തിയ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നതായും ചെങ്ങന്നൂർ നഗരസഭ ചെയർപേഴ്സൺ സൂസമ്മ എബ്രഹാം അറിയിച്ചു

# മാലിന്യം തള്ളൽ: ജില്ലയിൽ പരിശോധന ശക്തം

**കൊച്ചി:** എറണാകുളം ജില്ലയിൽ പൊതുസ്ഥലത്ത് മാലിന്യം തള്ളുന്നവർക്കെതിരെ പോലീസ് നടപടി ശക്തമായി തുടരുന്നു. വിവിധ പോലീസ് സ്റ്റേഷനുകളിലായി ബുധനാഴ്ച 8 കേസുകൾ രജിസ്റ്റർ ചെയ്തു. സിറ്റി പോലീസ് പരിധിയിലെ കണ്ണമാലി, എറണാകുളം ടൗൺ നോർത്ത്, പാലാരിവട്ടം പോലീസ് സ്റ്റേഷനുകളിലും റൂറൽ പോലീസ് പരിധിയിലെ നെടുമ്പാശ്ശേരി, പോത്താനിക്കാട്, രാമമംഗലം പോലീസ് സ്റ്റേഷനുകളിലുമാണ് കേസുകൾ രജിസ്റ്റർ ചെയ്തത്.റൂറൽ പോലീസ് പരിധിയിലെ നെടുമ്പാശ്ശേരി, പോത്താനിക്കാട്, രാമമംഗലം പോലീസ് സ്റ്റേഷനുകളിൽ ഓരോ കേസുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

# ലാമിനേറ്റഡ് പി.വി.സി കാർഡുകൾ എടുക്കാൻ നിർദേശം നൽകിയിട്ടില്ല

**കൊച്ചി:** ജില്ലയിലെ അക്ഷയ കേന്ദ്രങ്ങളിൽ വിവിധ സേവനങ്ങൾക്കായി എത്തുന്നവരോട് നിലവിലെ റേഷൻ കാർഡുകൾക്ക് പകരം പുതിയ ലാമിനേറ്റഡ് പി.വി.സി കാർഡുകൾ എടുക്കാൻ നിർബന്ധിക്കുന്നതായി പരാതി ലഭ്യമായിട്ടുണ്ട്. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്ന് ഇത്തരം നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. അനർഹമായി അന്ത്യോദയ / മുൻഗണന കാർഡുകൾ ആരെങ്കിലും കൈവശം വെച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ 9188527301 എന്ന ഫോൺ നമ്പറിൽ അറിയിക്കേണ്ടതാണെന്നും ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

# ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനം : ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു

**കൊച്ചി:** പതിനേഴാമത് ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനത്തിനോട് അനുബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.പൊതുവിജ്ഞാനം, ബേസിക് സ്റ്റാറ്റിക്സ് എന്നീ വിഷയങ്ങളിൽ സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൽ ഹയർ സെക്കന്ററി, കോളേജ് വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, അധ്യാപകർ ഉൾപ്പെടെ ഇന്ത്യയിൽ താമസക്കുന്ന പൊതുജനങ്ങൾക്കും പങ്കെടുക്കാം. ജൂൺ 30 ന് ഉച്ചയ്ക്ക് രണ്ട് മുതൽ 2.45 വരെ ഗൂഗിൾ ഫോം വഴിയാണ് മത്സരം. വിശദവിവരങ്ങൾക്ക് ഫോൺ :9633359554, 8547696128

# ഞാറ്റുവേല മഹോത്സവം : ഭിന്ന ശേഷി സംഗമം നടത്തി

**തൃശൂർ:** ഇരിങ്ങാലക്കുട നഗരസഭയുടെ ഞാറ്റുവേല മഹോത്സവത്തിന്റെ ആറാം ദിനത്തിൽ ഭിന്നശേഷി സംഗമം സംഘടിപ്പിച്ചു. രാജീവ് ഗാന്ധി ടൗൺഹാളിൽ നടന്ന ചടങ്ങ് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിക്കാരെ പരിചരിക്കുന്ന പ്രതീക്ഷാഭവൻ, സാന്ത്വന സദനം, അഭയ ഭവൻ എന്നീ സ്ഥാപനങ്ങളെ ചടങ്ങിൽ ആദരിച്ചു.മുൻസിപ്പൽ ചെയർമാൻ സുജ സഞ്ജീവ് കുമാർ അധ്യക്ഷനായി. വൈസ് ചെയർമാൻ ടി.വി. ചാർളി, സ്ഥിരം സമിതി അധ്യക്ഷന്മാരായ ഫെനി എബിൻ വെള്ളാനിക്കാരൻ , സി.സി. ഷിബിൻ, അംബിക പള്ളിപ്പുറത്ത്, ജെയ്സൺ പാറേയ്ക്കാടൻ,മുനിസിപ്പൽ കൗൺസിലർമാരായ ആർച്ച അനീഷ് അഡ്വ. ജിഷ ജോബി,തുടങ്ങിയവർ പങ്കെടുത്തു.

# കേരള സവാരി രജിസ്ട്രേഷൻ ക്യാമ്പ്

**കൊച്ചി:** സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ഓട്ടോ ടാക്സി സംരംഭമായ കേരള സവാരിയുടെ ഡ്രൈവർമാർക്ക് രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ജൂൺ 30ന് ആലുവ മെട്രോ സ്റ്റേഷൻ ആട്ടോ സ്റ്റാൻഡിൽ രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ ക്യാമ്പ് നടക്കും. എല്ലാ ഓട്ടോ ടാക്സി ഡ്രൈവർമാരും ലൈസൻസ്, ആർ.സി ബുക്ക് എന്നിവയുമായി എത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ : 9072272208, 9188519857

# കയർ മേഖല : വിപണിക്ക് പറ്റുന്ന ഉൽപ്പന്നങ്ങളിലേക്ക് മാറണം:മന്ത്രി പി.രാജീവ്



**ആലപ്പുഴ:** കേരളത്തിലെ കയർ മേഖലയെ നിലവിലെ സാഹചര്യങ്ങളിൽ നിന്ന് മാറി വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ നിർമിക്കുന്ന അവസ്ഥയിലേക്ക് കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് നിയമം വ്യവസായം കയർവകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു.വിപണിയുടെ ആവശ്യത്തിനനുസരിച്ചുള്ള ഡിസൈനും ഉത്പ്പന്നങ്ങളും നിർമിക്കാൻ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിന് ഒരു കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുകയാണ്. അതിനായി മാസ്റ്റർ ട്രെയിനർമാരെ പരിശീലിപ്പിക്കും. കയർമേഖലയ്ക്ക് ആവശ്യമായ പണം സാമ്പത്തിക ബുദ്ധിമുട്ടുകളൊന്നും പരിഗണിക്കാതെ പൂർണമായും അനുവദിക്കുന്നതിന് ധനകാര്യ മന്ത്രി പൂർണ സമ്മതമാണ് നൽകിയിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു. കയർ മേഖലയിലെ വിവിധ ആനുകൂല്യങ്ങളുടെ വിതരണവും പദ്ധതികളുടെ ഉദ്ഘാടനവും കണിച്ചുകുളങ്ങര കയർഫെഡ് പി.വി.സി ടഫ്റ്റഡ് യൂണിറ്റിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കയർമേഖലയിൽ ഭരണ നിർവഹണച്ചെലവ് പരമാവധി കുറയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.ഇതിൻറെ ഭാഗമായി ഫോർമാറ്റിങ്ങ്സും കോർപ്പറേഷനും ലയനത്തിൻറെ അവസാനഘട്ടത്തിലാണെന്നും മന്ത്രി പറഞ്ഞു.കയർ പോലെ തന്നെ പ്രധാനമാണ് ചകിരിയും. ചകിരിയിൽ നിന്നും ഉൽപ്പന്നങ്ങൾ വൈവിധ്യമായവ നിർമ്മിക്കാൻ കഴിയണം. തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് പുതുതായി 80 ലക്ഷത്തിൻറെ ഓർഡർ കയർഫെഡിന് ലഭിച്ചിട്ടുണ്ട്. ബയോ ബിന്നുകൾ നിർമ്മിക്കുന്നതിനാണ് ഓർഡർ ലഭിച്ചിട്ടുള്ളത്. മികച്ച ഗുണനിലവാരമുള്ള കയർ ഉത്പാദിപ്പിക്കാൻ കഴിയണം.സൊസൈറ്റികളിൽ തറികൾക്ക് നമ്പറും രജിസ്ട്രേഷനും നിർബന്ധമാക്കും. സൊസൈറ്റികൾ നവീകരിക്കാനുള്ള പണം സർക്കാർ നൽകും. വളരെ നാളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രവർത്തനമൂലധനം നൽകാൻ തുടങ്ങി. ആറര കോടി രൂപ ഇതിനായി നീക്കി വച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടര വർഷത്തിനു മുകളിലായി പ്രവർത്തനമൂലധനം നൽകാത്ത ചെറുകിട ഉൽപ്പാദക സംഘങ്ങൾക്കും ഇത്തവണ പ്രവർത്തനമൂലധനം നൽകുന്നു. മാനേജീരിയൽ സബ്സിഡി നൽകാനും തീരുമാനിച്ചു. സെക്രട്ടറിമാർക്ക് 5000 രൂപ വെച്ച് മൂന്നു മാസത്തേക്കുള്ള 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മാർക്കറ്റ് ഡെവലപ്മെൻറ് അസിസ്റ്റൻസ് ആയി ഗവൺമെൻറ് നൽകാനുള്ളത് ഘട്ടംഘട്ടമായി അനുവദിച്ചു കൊണ്ടിരിക്കുകയാണ്. അടിസ്ഥാനസൗകര്യവികസനത്തിന് 1.87 കോടി രൂപയും നൽകിയിട്ടുണ്ട്.കയർ മേഖലയിലെ വിവിധ ആനുകൂല്യങ്ങളുടെ വിതരണം, കൽക്കരി ഖനികളിലേക്ക് കയറർ ഭൂവസ്ത്രത്തിന്റെ ആദ്യ ഓർഡർ കൈമാറൽ, കയർഫെഡിന്റെ സഞ്ചരിക്കുന്ന വിപണന വാഹന ങ്ങളുടെ ഉദ്ഘാടനം, നവീകരിച്ച പിവിസി ടഫ്റ്റഡ് മാറ്റിന്റെ വിപണനോദ്ഘാടനം, ലാറ്റക്സ് ടഫ്റ്റഡ് യൂണിറ്റിന്റെ ഉദ്ഘാടനവും വിപണനോട്ഘടനവും, കയർഫെഡ് ഉൽപ്പന്നങ്ങളുടെ സംസ്ഥാനതല വിപണനത്തിന് ഡിസ്ട്രിബ്യൂട്ടേഴ്സുമായി ധാരണ പത്രം കൈമാറൽ, കയർഫെഡ് നീതി മെഡിക്കൽ സ്റ്റോർ പ്രഖ്യാപനം, കൺസ്യൂമർഫെഡ് ഷോപ്പുകളിൽ കയർഫെഡ് ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുന്നതിനുള്ള ധാരണപത്രം കൈമാറൽ, ഒരു ലക്ഷം സ്കയർ മീറ്റർ കയർ ഭൂവസ്ത്രത്തിന്റെ ഓർഡർ ഏറ്റുവാങ്ങൽ തുടങ്ങിയവയുടെ ഉദ്ഘാടനവും മന്ത്രി പി രാജീവ് നിർവഹിച്ചു.ചടങ്ങിൽ കയർഫെഡ് പ്രസിഡന്റ് ടി.കെ. ദേവകുമാർ അധ്യക്ഷത വഹിച്ചു. എ. എം ആരിഫ് എം. പി, കയർ വികസന ഡയറക്ടർ വി. ആർ വിനോദ്, കയർ കോർപ്പറേഷൻ ചെയർമാൻ ജി. വേണുഗോപാൽ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ. കെ ഗണേശൻ, കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി ചെയർമാൻ എം. എച്ച് റഷീദ്, മാനേജിങ് ഡയറക്ടർ ശശീന്ദ്രൻ, കയർഫെഡ് വൈസ്പ്രസിഡന്റ് ആർ. സുരേഷ്, കയർ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ പ്രതീഷ് ജി പണിക്കർ, കയർ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ഗംഗാധരൻ തുടങ്ങിയവർ പങ്കെടുത്തു.

## ’ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി ’ കോഴ്സുകളിലേക്ക് പ്രവേശനം തുടങ്ങി

**ആലപ്പുഴ:** കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തി വരുന്ന സർട്ടിഫിക്കറ്റ് കോഴ്സുകളായ ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി എന്നിവയിലേക്കുള്ള പ്രവേശനം ആരംഭിച്ചു.നാല് മാസമാണ് കോഴ്സിന്റെ കാലാവധി. എട്ടാം ക്ലാസ് ജയിച്ച, 17 വയസ് പൂർത്തിയായവർക്ക് കോഴ്സിൽ ചേരാം. 2000 രൂപയാണ് കോഴ്സ് ഫീസ്. 500 രൂപ രജിസ്ട്രേഷൻ ഫീസുണ്ട്. ഞായറാഴ്ചയും പൊതു അവധി ദിവസങ്ങളിലുമാകും സമ്പർക്ക പഠനക്ലാസ് നടത്തുക. 50 പഠിതാക്കൾക്ക് ഒരു ക്ലാസ് എന്ന നിലയിൽ സർക്കാർ, എയിഡഡ് സ്കൂളുകളിലാകും ക്ലാസുകൾ നടക്കുക.ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുന്ന പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും കോഴ്സുകളിൽ ചേരാവുന്നതാണ്. എട്ടാം ക്ലാസു മുതൽ ഹയർ സെക്കണ്ടറി വരെയുള്ള കുട്ടികൾക്ക് ചേരാം. ഇവർക്ക് പ്രായം പ്രശ്നമല്ല. ഫീസിൽ 500 രൂപയുടെ ഇളവും ലഭിക്കും. ഒരു സ്കൂളിൽ 20 കുട്ടികൾ രജിസ്റ്റർ ചെയ്താൽ അതേ സ്കൂളിൽ തന്നെ ഒരു ബാച്ച് അനുവദിക്കുന്നതാണ്.നിലവിൽ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ ക്ലാസിൽ പഠിച്ചു കൊണ്ടിരിക്കുന്നവർക്കും സർട്ടിഫിക്കറ്റ് കോഴ്സിൽ ചേരാവുന്നതാണ്. ഇവർക്കും 500 രൂപ ഫീസിളവുണ്ട്. ഇവർക്ക് ശനിയാഴ്ച മാത്രമാവും ക്ലാസ് നടത്തുക. അപേക്ഷ ഫോറം, കോഴ്സ് ഫീസ് അടയ്ക്കുന്നതിനുള്ള ചെലാൻ, പ്രോസ്പെക്ടസ് എന്നിവ www.literacymissionkerala.org വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ് ചെലാൻ വഴി എസ്.ബി.ഐ. യിലാണ് അടയ്ക്കേണ്ടത്. ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ, തിരുവനന്തപുരം എന്ന വിലാസത്തിലാണ് ചെലാൻ എടുക്കേണ്ടത്. അപേക്ഷയിൽ പതിക്കുന്ന ഫോട്ടോ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം.പൂരിപ്പിച്ച അപേക്ഷയും ചെലാൻ കോപ്പിയും വയസ്, വിദ്യാഭ്യാസം എന്നിവ തെളിയിക്കുന്ന രേഖകളും സഹിതം ജൂലൈ 31 ന് മുമ്പായി ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന സാക്ഷരതാ മിഷന്റെ ഓഫിസിൽ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0477 225 2095 എന്ന നമ്പരിൽ ഓഫീസ് സമയത്ത് വിളിയ്ക്കുക.

## കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേനയക്ക് മിനി എം.സി.എഫുകൾ



**ആലപ്പുഴ:** കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 202223 വാർഷിക പദ്ധതിയിൽ ഹരിത കർമ്മ സേനയ്ക്ക് വേി 17വാർഡുകളിലും നിർമ്മിച്ച മിനി എം.സി.എഫുകളുടെ ഉദ്ഘാടനം കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാനി കുരുമ്പോലിൽ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് അംഗം രാധാമണി രാജൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ റസീന ബദർ, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ശ്രീഹരി കൊട്ടിരീത്ത്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശരത് കുമാർ പാട്ടത്തിൽ, അനിതാ വാസുദേവൻ, എസ്. നസീം, എസ് .സഹദേവൻ, ശ്രീലത ശശി, സെക്രട്ടറി എസ്. സബീന, അസിസ്റ്റന്റ് സെക്രട്ടറി എസ്. രാജേഷ്, ഹെൽത്ത് ഇൻസ്പെക്ടർ അനസൽ, ഹരിതകർമ്മ സേന സെക്രട്ടറി സലീന, ഐ.ആർ.ടി.സി കോഡിനേറ്റർ ഷീമ എന്നിവർ പങ്കെടുത്തു.

## യൂടൂബ് ചാനലുകളിലെ തെറ്റായ പ്രവണതകൾക്കെതിരെ നടപടി വേണം: ശിശുക്ഷേമ സമിതി

**ആലപ്പുഴ:** കുട്ടികളുടെ സ്വഭാവരൂപീകരണത്തിനെതിരെയും ,വഴി തെറ്റിക്കുന്നതുമായ യൂ ട്യൂബ് ചാനലുകൾ നീരീക്ഷിച്ച് നിയമനടപടികൾ സ്വീകരിക്കണമെന്ന് ജില്ല ശിശുക്ഷേമ സമിതി ബാല അവകാശ കമ്മീഷനോട് ആവശ്യപ്പെട്ടു..കുട്ടികളുടെ സുരക്ഷിത യാത്ര ഒരുക്കുന്നതിന് പോലീസും, എം.വി.ഡി ഡിപ്പാർട്ട്മെന്റും സ്വത്വര നടപടി സ്വീകരിക്കണം. ഓട്ടോറിക്ഷകളും. പ്രൈവറ്റ് വാഹനങ്ങളും ,സ്ക്കൂൾ ബസ്സുകളും പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. എ.ഡി.സി.ജനറൽ ഡി. ഷിൻസ് അദ്ധ്യക്ഷത വഹിച്ചു.ജില്ല സെക്രട്ടറി കെ. ഡി. ഉദയപ്പൻ, കെ.പി.പ്രതാപൻ ,സി..ശ്രീലേഖ, കെ.നാസർ, ബി. ഭാസ്ക്കരൻ എന്നിവർ പ്രസംഗിച്ചു.

## കുറത്തേരി ആക്കനടി തോട് ആഴംകൂട്ടൽ, ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം



ആലപ്പുഴ: കുട്ടനാട് മണ്ഡലത്തിലെ നീലംപേരൂർ കുറത്തേരി ആക്കനടി തോടിന്റെ ആഴംകൂട്ടൽ, ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തോമസ് കെ. തോമസ് എം.എൽ.എ. നിർവഹിച്ചു. മൈനർ ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ 48.29 ലക്ഷം രൂപ വിനിയോഗിച്ചാണ് തോട് നവീകരിക്കുന്നത്. ആറുമാസം കൊ് നീരൊഴുക്ക് സുഗമമാക്കി സഞ്ചാരയോഗ്യമാക്കി മാറ്റുകയാണ് ലക്ഷ്യം. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ടി. കെ. തങ്കച്ചൻ അധ്യക്ഷത വഹിച്ചു. വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സരിത സന്തോഷ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സന്ധ്യാമണി ജയകുമാർ , ഗ്രാമപഞ്ചായത്ത് അംഗങ്ങളായ കെ. ആർ. രാജപ്പൻ, സോണി കളത്തിൽ, ലളിതമ്മ വിജയകുമാർ, ജോസി ജിനു, വി.ജി. സഹദേവൻ, എം. ടി. ചന്ദ്രൻ, കെ. ജെ. അനീഷ് കുമാർ, പി.കെ. സിബി, .വി. ഡി. സനൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# സെൻട്രൽ ജിഎസ്ടി തിരുവനന്തപുരം മേഖല : ചീഫ് കമ്മീഷണർ ജെയിൻ കെ.നഥാനിയേൽ ഇന്ന് വിരമിക്കും

**കൊച്ചി:** കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും സെൻട്രൽ ജിഎസ്ടി, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് ചുമതല വഹിക്കുന്ന തിരുവനന്തപുരം മേഖല ചീഫ് കമ്മീഷണർ ജെയിൻ കെ.നഥാനിയേൽ ഇന്ന് സർവ്വീസിൽ നിന്നും വിരമിക്കും. കസ്റ്റംസ്,ജിഎസ്ടി മേഖലകളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചതിനു ശേഷമാണ് ജെയിൻ കെ.നഥാനിയേൽ തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്നും ഇന്ന് പടിയിറങ്ങുന്നത്.ചെന്നൈ സ്വദേശിനിയായ ജെയിൻ കെ.നഥാനിയേൽ 1989 ലാണ് സർവ്വീസിൽ പ്രവേശിക്കുന്നത്. കേരളത്തിന്റെ



ചുമതലയേൽക്കും മുമ്പ് പ്രിൻസിപ്പൾ അഡീഷണൽ ഡയറക്ടർ ജനറൽ, ഡയറക്ടറേറ്റ് ഓഫ് ജനറൽ ജിഎസ്ടി ഇന്റലിജൻസ് ബാംഗ്ലൂർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിരുന്നു. കൂടാതെ കോയമ്പത്തൂരിൽ അപ്പലേറ്റ് കമ്മീഷണറായും പ്രവർത്തിച്ചിരുന്നു. കസ്റ്റംസ്, സെൻട്രൽ എക്സൈസ്, ജിഎസ്ടി വിഷയങ്ങളിൽ അഗാധമായ അറിവും അനുഭവ പരിചയവും ഉള്ള ജെയിൻ കെ.നഥാനിയേൽ ചെന്നൈ, ഹൈദരാബാദ്, വിശാഖപട്ടണം എന്നിവിടങ്ങളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ജിഎസ്ടി അഡ്വാൻസ് റൂളിംഗിൽ കേരളത്തിന്റെ അപ്പലേറ്റ് അതോരിറ്റി അംഗവുമാണ് ജെയിൻ കെ.നഥാനിയേൽ.

# കൊടുങ്കാറ്റായി ദുൽഖറിന്റെ 'കിംഗ് ഓഫ് കൊത്ത ' ടീസർ




**കൊച്ചി:** കൊത്ത ഗ്രാമത്തിലെ ജനങ്ങൾ ആഗ്രഹിച്ച പോലെ അദ്ദേഹത്തിന്റെ മടങ്ങി വരവ്, ക്രൂരമായി ആകർഷകനാണ് അദ്ദേഹം, ക്ഷമിക്കാനാവാത്തവിധം ദയയില്ലാത്തവനും കൊത്തയിലെ ജനങ്ങളുടെ പ്രിയപ്പെട്ടവനും ആയ രാജാവിന്റെ മാസ്സ് അവതാരപ്പിറവിയുമായി പാൻ ഇന്ത്യൻ സൂപ്പർ സ്റ്റാർ ദുൽഖർ സൽമാന്റെ കിംഗ് ഓഫ് കൊത്തയിലെ മെഗാ ടീസർ റിലീസായി. പ്രേക്ഷക ഹൃദയങ്ങളിൽ തരംഗം സൃഷ്ടിക്കുന്ന മരണ മാസ്സ് ട്രെയ്ലറാണ് അഞ്ച് ഭാഷകളിൽ റിലീസായത്. ഇത് ഗാന്ധി ഗ്രാമമല്ല,ഇവിടെ ഞാൻ പറയുമ്പോൾ പകൽ, ഞാൻ പറയുമ്പോൾ രാത്രി,കൊത്തയിലെ രാജാവിന്റെ ടീസറിലെ മാസ്സ് ഡയലോഗ് തന്നെ തീപ്പൊരിപാറിപ്പിക്കുകയാണ്. അഭിലാഷ് ജോഷി സംവിധാനം ചെയ്യുന്ന ചിത്രം നിർമ്മിക്കുന്നത് സീ സ്റ്റുഡിയോസും ദുൽഖർ സൽമാന്റെ വേഫെറർ ഫിലിംസും ചേർന്നാണ് നിർമ്മിക്കുന്നത്.ചിത്രത്തിൽ കണ്ണൻ എന്ന കഥാപാത്രമായി തെന്നിന്ത്യയിൽ ഡാൻസിങ് റോസ് എന്ന കഥാപാത്രത്തെ അവതരിപ്പിച്ച് തരംഗമായ ഷബീർ കല്ലറക്കൽ എത്തുന്നു. ഷാഹുൽ ഹസ്സൻ എന്ന പോലീസ് ഉദ്യോഗസ്ഥനായി തമിഴ് താരം പ്രസന്ന എത്തുന്നു. താര എന്ന കഥാപാത്രത്തിൽ ഐശ്വര്യാ ലക്ഷ്മിയും മഞ്ജുവായി നൈലാ ഉഷയും വേഷമിടുന്നു. രഞ്ജിത്ത് ആയി ചെമ്പൻ വിനോദ്, ടോമിയായി ഗോകുൽ സുരേഷ്, ദുൽഖറിന്റെ കഥാപാത്രത്തിന്റെ പിതാവ് കൊത്ത രവിയായി ഷമ്മി തിലകൻ, മാലതിയായി ശാന്തി കൃഷ്ണ, ജിനുവായി വാടാ ചെന്നൈ ശരൺ, റിതുവായി അനിഖാ സുരേന്ദ്രൻ എന്നിവരാണ് മുഖ്യ കഥാപാത്രങ്ങളിലെത്തുന്നത്. ജേക്സ് ബിജോയ് ,ഷാൻ റഹ്മാൻ എന്നിവരാണ് കിംഗ് ഓഫ് കൊത്തയുടെ സംഗീതസംവിധാനം നിർവഹിക്കുന്നത്. ആക്ഷന് ഏറെ പ്രാധാന്യമുള്ള ചിത്രത്തിന്റെ സംഘട്ടനരംഗങ്ങളൊരുക്കുന്നത് രാജശേഖറാണ്. ഛായാഗ്രഹണം:നിമീഷ് രവി, സ്ക്രിപ്റ്റ് : അഭിലാഷ് എൻ ചന്ദ്രൻ, പ്രൊഡക്ഷൻ ഡിസൈനർ : നിമേഷ് താനൂർ, എഡിറ്റർ: ശ്യാം ശശിധരൻ, കൊറിയോഗ്രാഫി: ഷെറീഫ് ,മേക്കപ്പ് :റോണെക്സ് സേവിയർ, വസ്ത്രാലങ്കാരം :പ്രവീൺ വർമ്മ, സ്റ്റിൽ :ഷുഹൈബ് എസ് ബി കെ, പ്രൊഡക്ഷൻകൺട്രോളർ :ദീപക് പരമേശ്വരൻ, മ്യൂസിക് : സോണി മ്യൂസിക്, വിതരണം : വെഫേറർ ഫിലിംസ്, പി ആർ ഓ പ്രതീഷ് ശേഖർ.

Teaser Link : https://youtu.be/7tHHa20U1UI

# റിലയൻസ് ഫൗണ്ടേഷൻ ഇഎസ്എ കപ്പ് ഡീയാഗോ ഷ്വാർട്സ്മാന്



**കൊച്ചി/ സ്റ്റോക്ക് പാർക്ക്:** യുകെയിലെ ബക്കിംഗ്ഹാംഷെയറിലെ സ്റ്റോക്ക് പാർക്കിൽ നടക്കുന്ന ബൂഡിൽസ് ടെന്നീസിൽ ആദ്യ റിലയൻസ് ഫൗണ്ടേഷൻ ഇഎസ്എ കപ്പ് ഡീയാഗോ ഷ്വാർട്സ്മാന് റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത എം. അംബാനി സമ്മാനിച്ചു. റിലയൻസ് ഫൗണ്ടേഷൻ ഇഎസ്എ കപ്പ് ദി ബൂഡിൽസ് ടെന്നീസിലെ വിജയികൾക്കായി ഏർപ്പെടുത്തിയ ഒരു പുതിയ അവാർഡാണ് .ഈ വർഷം 193ാം വാർഷികം ആഘോഷിക്കുന്ന ബൂഡിൽസ് ടെന്നീസ് ഏറ്റവും ആഡംബരത്തോടെയുള്ള എക്സിബിഷൻ ടെന്നീസ് ഇവന്റാണ് . മികച്ച ടെന്നീസ് കാണാനും ഒരു സമൂഹത്തെ ഒരുമിച്ച് കൊണ്ടുവരുന്നതിൽ സ്പോർട്സിന്റെ പ്രാധാന്യം ആഘോഷിക്കാനും സാധിച്ചതിൽ അതിയാ സന്തോഷമുണ്ടെന്ന് റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത എം. അംബാനി പറഞ്ഞു. എല്ലാ യുവജനങ്ങളും അവർ തിരഞ്ഞെടുക്കുന്ന ഏതെങ്കിലും ഒരു കായിക ഇനത്തിൽ ഏർപ്പെടണമെന്നാണ് തന്റെ ആഗ്രഹം. ഒപ്പം ചുറ്റുമുള്ളവരിലേക്കും ഉത്സാഹവും പോസിറ്റീവ് മനോഭാവവും കൊണ്ടുവരണമെന്നും നിത എം. അംബാനി പറഞ്ഞു.നിത എം. അംബാനിയുടെ നേതൃത്വത്തിൽ റിലയൻസ് ഫൗണ്ടേഷൻ (റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ സിഎസ്ആർ വിഭാഗം) നടത്തുന്ന സമഗ്ര വികസന പരിപാടിയാണ് ഇ എസ് എ (Education and Sports for All) സംരംഭം.ഇന്ത്യയിലെ ദശലക്ഷക്കണ.ക്കിന് ആളുകളുടെ ജീവിതത്തെ സ്വാധീനിക്കുന്നതിനൊപ്പം , ബൂഡിൽസ് ടെന്നീസ് ചലഞ്ചിലൂടെ, ഇ എസ് എ സംരംഭം ഇന്ത്യയ്ക്ക് പുറത്ത് സ്റ്റോക്ക് പാർക്കിലെ കുട്ടികളുടെ ജീവിതത്തെ സ്പർശിക്കുകയും എല്ലാവർക്കുമായി സ്പോർട്സ് പ്രാപ്യമാക്കുകയും ചെയ്യുന്നതിനൊപ്പം അടുത്ത തലമുറയെ അവരുടെ ദൈനംദിന ജീവിതത്തിൽ കായിക വിനോദങ്ങളിൽ ഏർപ്പെടാൻ പ്രചോദിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.പാൻഡെമിക്കിന് ശേഷം 2023ൽ യു കെ യിലെ പ്രിയപ്പെട്ട ഇവന്റിന്റെ തിരിച്ചുവരവിൽ ആരാധകർ ആവേശത്തിലാണ്. സ്റ്റോക്ക് പാർക്കിന്റെ ഉടമകളായ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഇതുവരെയുള്ളതിൽ നിന്നും കൂടുതൽ മികച്ച ബൂഡിൽസ് അനുഭവം നൽകാനുള്ള ശ്രമത്തിലാണ് . ടെന്നീസ് താരങ്ങളായ സ്റ്റെഫാനോസ് സിറ്റ്സിപാസ് (ലോക നമ്പർ 5), ഹോൾഗർ റൂൺ (ലോക നമ്പർ. 6), ആന്ദ്രേ റുബ്ലെവ് (ലോക നമ്പർ 7) എന്നിവരുൾപ്പെടെ ലോകത്തിലെ മികച്ച 20 പുരുഷ ടെന്നീസ് കളിക്കാരിൽ ഏഴു പേരും ഈ വർഷം ബൂഡിൽസ് ടെന്നീസിൽ കളിക്കുന്നുണ്ട്.

# 'സാൽമൺ' ത്രി ഡിജൂൺ 30ന്




**കൊച്ചി:** മൈ ഡിയർ കുട്ടിച്ചാത്തനു ശേഷം ഒറിജിനൽ ത്രി ഡി ക്യാമറയിൽ ചിത്രീകരിച്ച ആദ്യ ഇന്ത്യൻ ത്രി ഡി ചിത്രം 'സാൽമൺ' ജൂൺ 30ന് പ്രദർശനത്തിനെത്തുന്നു.ഡോൾസ്, കാട്ടുമാക്കാൻ എന്നീ സിനിമകൾക്കു ശേഷം വിജയ് യേശുദാസിനെ നായകനാക്കി ഷലീൽ കല്ലൂർ തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന റൊമാന്റിക് സസ്പെൻസ് ത്രില്ലർ ചിത്രമാണ് 'സാൽമൺ ത്രിഡി 'ജോനിറ്റ ഡോഡ, നേഹ സക്സേന, ചരിത് ബലാപ്പ, രജീവ് പിള്ള, ഷിയാസ് കരീം, ജാബിർ മുഹമ്മദ്, ഇബ്രാഹിം കുട്ടി, ബഷീർ ബഷി, നവീൻ ഇല്ലത്ത്, മീനാക്ഷി ജയ്സ്വാൾ, പ്രേമി വിശ്വനാഥ്, തൻവി കിഷോർ, ആഞ്ജോ നയാർ, ഷിനി അമ്പലത്തൊടി, ബേബി ദേവാനന്ദ, ബേബി ഹെന, സംവിധായകൻ ഷലീൽ കല്ലൂർ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.എം ജെ എസ് മീഡിയയുടെ ബാനറിൽ ഷാജു തോമസ് (യു എസ് എ), ജോസ് ഡി പെക്കാട്ടിൽ, ജോയ്സൻ ഡി പെക്കാട്ടിൽ എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രാഹുൽ മേനോൻ നിർവഹിക്കുന്നു.സംഗീതംശ്രീജിത്ത് എടവന,ത്രിഡി സ്റ്റിറോസ്കോപിക് ഡയറക്ടർജീമോൻ പുല്ലേലി,സൗണ്ട് ഡിസൈനർഗണേഷ് ഗംഗാധരൻ, ത്രിഡി സ്റ്റീരിയോ ഗ്രാഫർ ജീമോൻ കെ പി,പി ആർ ഒ എ എസ് ദിനേശ്.

# ഏക ദിന ഫാബ്രിക് പെയിന്റിംഗ് വർക്ക്ഷോപ്പ് ജൂലൈ രണ്ടിന്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരിയിൽ സ്ഥിതി ചെയുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ വെച്ച് ഏക ദിന ഫാബ്രിക് പെയിന്റിംഗ് വർക്ഷോപ് ജൂലൈ രണ്ടാം തിയതി നടത്തപ്പെടുന്നു. കലംകാരി, വർളി , മധുബനി തുടങ്ങിയ ഭാരതീയ ഡിസൈനിങ് ഇവിടെ പരിശീലിപ്പിക്കുന്നതാണ്. വിവിധ തരം വസ്ത്രങ്ങളിൽ ഉപയോഗിക്കാവുന്ന ഡിസൈനുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക 9778598336 / 9495219570.

For regitsrations click https://tinyurl.com/mamfw8x5

# ജനപക്ഷ വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കും : മന്ത്രി ഡോ. ആർ ബിന്ദു

**തൃശൂർ:** നവകേരള സൃഷ്ടിക്കായി ജനപക്ഷ വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള നടപടിയാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ആധുനിക സൗകര്യങ്ങളോടെ നിർമാണം പൂർത്തീകരിച്ച ഇ.എം.എസ് ഹാളിന്റെയും ഇതര പദ്ധതികളുടെ ഉദ്ഘാടനം കേരള സർവകലാശാല കാര്യവട്ടം കാമ്പസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഉന്നത വിദ്യാഭ്യാസ മേഖലക്ക് വാർഷിക ബജറ്റിൽ ആയിരം കോടി രൂപ അനുവദിക്കുന്ന സംസ്ഥാനമാണ് കേരളം. അടിസ്ഥാന സൗകര്യവികസനവും അക്കാദമിക മേഖലയുടെ വിപുലീകരണവും ഉന്നത വിദ്യാഭ്യാസ രംഗത്ത് വേഗത്തിൽ നടക്കുകയാണ്.മുഖ്യമന്ത്രിയുടെ നിർദേശമനുസരിച്ച് രാജ്യത്തെ ആദ്യ പത്ത് സർവകലാശാലകളിൽ കേരള സർവകലാശാല എത്തുക എന്നതാണ് ലക്ഷ്യം. എ പ്ലസ് പ്ലസ് ഗ്രേഡും എൻ.ഡി.ആർ.എഫ് റാങ്കിങ്ങിലെ മുന്നേറ്റവും നടത്തിയ കേരള സർവകലാശാല മികച്ച മാതൃകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസടക്കമുള്ള പുത്തൻ മേഖലകളെയടക്കം ഉൾപ്പെടുത്തി ഗവേഷണ മേഖലയെ വിപുലീകരിക്കുകയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ പുരോഗമന മുന്നേറ്റവും, സാമ്പത്തിക വളർച്ചയും സാധ്യമാക്കാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടായ മുന്നേറ്റം സമൂഹിക പുരോഗതിക്ക് ഗതിവേഗം പകരുമെന്ന് പൊതു വിദ്യാഭ്യാസ മന്ത്രി വി ശിവൻ കുട്ടി അഭിപ്രായപ്പെട്ടു. കേരള സർവകലാശാലയുടെ മാറ്റത്തിന്റെ മികച്ച ഉദാഹരണമാണ് കാര്യവട്ടം ക്യാമ്പസിലെ വിവിധ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണമെന്ന് സാംസ്കാരിക ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ സർവകലാശാല അനുവദിക്കുന്ന ഒരേക്കർ സ്ഥലത്ത് സുഗതകുമാരി സ്മാരകം നിർമിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചു.ആധുനിക സൗകര്യങ്ങളോടെ നിർമ്മാണം പൂർത്തീകരിച്ച ഇ.എം.എസ് ഹാൾ, ട്രാൻസലേഷണൽ റിസർച്ച് ആന്റ് ഇന്നൊവേഷൻ സെന്റർ (ഠഞകഇഢ), ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമി ഇന്റർനാഷണൽ സെന്റർ ഫോർ സ്റ്റഡി ആന്റ് റിസർച്ച്, എ.ആർ രാജരാജവർമ്മ ട്രാൻസ്‌ലേഷൻ സ്റ്റഡി സെന്റർ എന്നിവയുടെ ഉദ്ഘാടനം മന്ത്രി ഡോ.ആർ ബിന്ദു നിർവഹിച്ചു. ഫിസിക്സ് പഠനവകുപ്പിന്റെ മൈക്രോവേവ് മെറ്റീരിയൽ ലബോറട്ടറി കെട്ടിട ഉദ്ഘാടനം, അയ്യപ്പണിക്കർ സ്മാരക ഫോറിൻ ലാംഗ്വേജസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം എന്നിവയും മന്ത്രി നിർവഹിച്ചു.പുതുതായി തുടങ്ങുന്ന സെന്റർ ഫോർ അക്കാദമിക് ആൻഡ് പ്രൊഫഷണൽ ട്രെയിനിങ് (ഇഅജഠ) സെന്റർ ഉദ്ഘാടനം പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി വി ശിവൻ കുട്ടി നിർവഹിച്ചു.



ഹരിതശോഭയിൽ സജ്ജീകരിച്ച സുഗതകുമാരി സ്മൃതിവനത്തിന്റെ ഉദ്ഘാടനവും ശ്രീനാരായണ സാഹിത്യത്തിന്റെ വിവരണാത്മക ഗ്രന്ഥ സൂചി പ്രകാശനവും സാംസ്കാരിക വകുപ്പു മന്ത്രി സജി ചെറിയാൻ നിർവഹിച്ചു.അധ്യാപകർക്കായി നിർമ്മിച്ച അപ്പാർട്ടുമെന്റുകളുടെ ഉദ്ഘാടനം വി.ജോയി എം.എൽ.എ നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. എസ് നസീബ് ഉപഹാരസമർപ്പണം നടത്തി. കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സർവ്വകലാശാല സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ കെ എച്ച് ബാബു ജാൻ,ബി. പി. മുരളി, എ. അജികുമാർ, ബി. ബാലചന്ദ്രൻ, ജി. മുരളീധരൻ, ഡോ. കെ. ജി. ഗോപചന്ദ്രൻ, രഞ്ജു സുരേഷ്, ജയരാജ് ജെ, അരുൺകുമാർ ആർ, പി. രാജേന്ദ്രകുമാർ, ഡോ.കെ.ബി മനോജ്, പ്രൊഫ. കെ. ലളിത, ബിജുകുമാർ. ജി, സന്ദീപ് ലാൽ എസ്. ഡോ.പി.എം. രാധാമണി, നവീൻ പി.എം, തേജസിനി എം. സി എന്നിവർ സംബന്ധിച്ചു.

# ഗവേഷകർക്കുള്ള ഇന്റേൺഷിപ്പ്

**തിരുവനന്തപുരം:**കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർടാഡ്സിൽ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ്) ഗവേഷകർക്കുള്ള ഇന്റേൺഷിപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 10 ഒഴിവുകളുണ്ട്.നരവംശശാസ്ത്രം/സോഷ്യോളജി/സോഷ്യൽവർക്ക്/സ്റ്റാറ്റിസ്റ്റിക്സ്/ഭാഷ്യശാസ്ത്രം/ ലൈബ്രറി സയൻസ് തുടങ്ങിയ സാമൂഹിക ഭാഷാ ശാസ്ത്ര വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. പ്രതിഫലം പ്രതിമാസം 10,000 രൂപ. കാലാവധി പരമാവധി എട്ട് മാസം. അപേക്ഷകർക്ക് 2023 ജനുവരി ഒന്നിന് 36 വയസിൽ കൂടരുത്. പട്ടികജാതി/വർഗ്ഗ പിന്നാക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്. പട്ടിക സമുദായക്കാർക്ക് മുൻഗണന ലഭിക്കും.ഉദ്യോഗാർത്ഥികൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ kirtads.kerala.gov.in se google form മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. ജൂലൈ 10നു വൈകിട്ട് അഞ്ചു വരെ അപേക്ഷ സ്വീകരിക്കും. അപേക്ഷ പരിശോധിച്ച് നിശ്ചിത യോഗ്യതയുള്ളവർക്ക് ഇന്റർവ്യൂ നടത്തുന്ന തീയതി ഫോൺ മുഖേനയോ ഇമെയിലിലോ അറിയിക്കും.

# 'പതിമൂന്നാം രാത്രി' നടൻ ഷൈൻ ടോം ചാക്കോ ആലപിച്ച വീഡിയോ ഗാനം

**കൊച്ചി:** ഷൈൻ ടോം ചാക്കോ, വിഷ്ണു ഉണ്ണികൃഷ്ണൻ, മാളവിക മേനോൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മനീഷ് ബാബു സംവിധാനം ചെയ്യുന്ന 'പതിമൂന്നാം രാത്രി' എന്ന ചിത്രത്തിനു വേണ്ടി പ്രശസ്ത നടൻ ഷൈൻ ടോം ചാക്കോ ആലപിച്ച ലിറിക്കൽ വീഡിയോ ഗാനം റിലീസായി.രാജു ജോർജ്ജ് ഗാനരചനയും സംഗീത സംവിധാനവും നിർവഹിച്ച ' കൊച്ചിയാ...'എന്നാരംഭിക്കുന്ന ഗാനമാണ് ഷൈൻ ടോം ചാക്കോ പാടിയിട്ടുള്ളത്.ഷൈൻ ടോം ചാക്കോ ആദ്യമായിട്ടാണ് സിനിമക്കു വേണ്ടി പാടുന്നത്.ഗൗതം അനിൽ കുമാർ, ശ്രീമോൻ വേലായുധൻ എന്നിവരും ആലാപനത്തിൽ പങ്കെടുക്കുന്നുണ്ട്.മനോരമ മ്യൂസിക്കാണ് ഗാനം പ്രേക്ഷകരിലെത്തിക്കുന്നത്.ദീപക് പറമ്പോൾ, വിജയ് ബാബു, സോഹൻ സീനു ലാൽ,സാജൻ പള്ളുരുത്തി, അനിൽ പെരുമ്പളം, രമേശ് കോട്ടയം, ഹരിപ്രസാദ്, ഡെയിൻ ഡേവിസ്, അസിം ജമാൽ,ഡിസ്നി ജെയിംസ്, രജിത് കുമാർ,അർച്ചന കവി, മീനാക്ഷി രവീന്ദ്രൻ,സ്മിനു സിജോ, സോനാ നായർ, ആര്യ, യൂട്യൂബർ ഇച്ചാപ്പി ഫെയിം ശ്രീലക്ഷ്മി എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.ഡി ടു കെ ഫിലിംസിന്റെ ബാനറിൽ മേരി മൈഷ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ആർ എസ് ആനന്ദ് കുമാർ നിർവ്വഹിക്കുന്നു. ദിനേശ് നീലകണ്ഠൻ തിരക്കഥ സംഭാഷണമെഴുതുന്നു. ഗാനരചനയും സംഗീത സംവിധാനവും രാജൂ ജോർജ്ജ് നിർവ്വഹിക്കുന്നു.എഡിറ്റർവിജയ് വേലുക്കുട്ടി.പ്രൊഡക്ഷൻ കൺട്രോ




ളർഅനീഷ് പെരുമ്പിലാവ്, പ്രൊജക്ട് കോഓർഡിനേറ്റർഎ ആർ കണ്ണൻ, കലസന്തോഷ് രാമൻ, മേക്കപ്പ്മനു മോഹൻ, കോസ്റ്റ്യൂംസ്അരവിന്ദ് കെ.ആർ,സ്റ്റിൽസ് ഇകൂട്സ് രഘു, ഡിസൈൻഅറ്റ്ലർ പാപ്പവെറോസ്, ഫിനാൻസ് കൺട്രോളർ അനിൽ ആമ്പല്ലൂർ,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർഎം വി ജിജേഷ്,അസ്സോസിയേറ്റ് ഡയറക്ടർഡസ്റ്റിൻ, അസിസ്റ്റന്റ് ഡയറക്ടർ ശ്രീജു ശ്രീധർ, രാജീവ്, അരുന്ധതി, ദേവീദാസ്,ആക്ഷൻമ മാഫിയ ശശി, നൃത്തംറിഷ്ദാൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അഭിലാഷ് പൈങ്ങോട്,പ്രൊഡക്ഷൻ മാനേജർ ജസ്റ്റിൻ കൊല്ലം,പി ആർ ഒ എ എസ് ദിനേശ്.

